ഇത് കൂടാതെ 10 സീറ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഹോമിയോ വകുപ്പിൽ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ നോൺ കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുവാൻ നടപടി

152 (4587) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ വകുപ്പിൽ എത്ര മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് ദിവസക്കൂലി ഇനത്തിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ;

(സി) ഇത്തരം ഒഴിവുകളിലേക്ക് നോൺ-കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) മെഡിക്കൽ ഓഫീസർമാർ ഇല്ലാത്ത ഡിസ്പെൻസറികളിൽ നോൺ-കേഡർ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 71 ഒഴിവുകൾ

(ബി) 17 പേരെ

(സി&ഡി) ഇല്ല. നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം നടത്തുന്നത് പി.എസ്.സി. മുഖേനയാണ്.

സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ജീവനക്കാരുടെ ശമ്പള പരിഷ്കരണ കരാറിന് അംഗീകാരം നൽകുവാൻ നടപടി

153 (4588) ശ്രീ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പാതിരാപ്പള്ളിയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസിയിൽ ഓരോ വിഭാഗത്തിലുമായി ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1999-ൽ ഒപ്പുവച്ച ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാറിന് നാളിതുവരെ അംഗീകാരം നൽകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly